നിബന്ധനകൾ

1. പ്രസ്തുത വാഹനവും ആവശ്യമായ ഡ്രൈവർമാരേയും ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.

2. വാഹനത്തിന് ആവശ്യമായ ഇന്ധനത്തിന്റെ ചിലവ് വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.

3. വാഹനം മാസത്തിൽ 2000 കിലോമീറ്റർ വരെ ഓടുന്നതിന് തയ്യാറായിരിക്കണം.

4. വാഹനത്തിന്റെ എല്ലാവിധ റിപ്പയറുകളും ഇൻഷ്വറൻസ് ഉൾപ്പെടെ മറ്റ് ബാധ്യതകളും പ്രസ്തുത വാഹനത്തിന്റെ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് ഇതിൽ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

5. ഏതെങ്കിലും കാരണവശാൽ ടി വാഹനം ലഭ്യമാക്കാതിരുന്നാൽ പ്രസ്തുത വാഹന ഉടമയിൽ നിന്ന് ടി ദിവസങ്ങളിലേക്കുള്ള പിഴ കരാർ പ്രകാരം പ്രത്യേകം ഈടാക്കുന്നതാണ്.

6. മൂന്ന് ദിവസത്തിൽ കൂടുതൽ പ്രസ്തുത വാഹനം ലഭ്യമാക്കാതിരുന്നാൽ ആയത് കരാർ ലംഘനമായി കണക്കാക്കി സർക്കാർ അനുവദിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ ലഭിച്ചതിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ വാഹന ഉടമ വാഹനം ലഭ്യമാക്കാതിരുന്നാലും ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.

7. വാഹനത്തിന്റെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കായി/ മറ്റേതെങ്കിലും സാഹചര്യങ്ങളിൽ വാഹനം ലഭ്യമാക്കാതിരിക്കുന്നപക്ഷം പകരം സംവിധാനം എന്ന നിലയിൽ ഇതേ കാറ്റഗറിയിൽ തന്നെയുള്ള മറ്റൊരു വാഹനം കോൺട്രാക്ടർ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

8. വാഹനത്തിന്റെ ഡ്രൈവർ ഒരു ടാക്സി ഡ്രൈവറുടെ നിശ്ചിത യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണം.

9. വാഹനം ഈ ഓഫീസിന്റെ കോമ്പൗണ്ടിൽ തന്നെ നിശ്ചിത ഓട്ടം കഴിഞ്ഞാൽ പാർക്ക് ചെയ്യേണ്ടതാണ്.

10. ഈ വാഹനം ക്വിക്ക് റെസ്പോൺസ് ടീമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടോ ഈ ഓഫീസ് ആവശ്യങ്ങൾക്കോ അല്ലാതെ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.

11. വാഹനത്തിനും അതിന്റെ ഡ്രൈവർക്കും മോട്ടോർ വാഹനവകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന എല്ലാവിധ രേഖകളും അനുബന്ധ സംവിധാനങ്ങളും ഉണ്ടായിരിക്കണം.

12. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ ലഭിച്ച കരാറുകാരൻ വാഹനത്തിന്റെ ഒറിജിനൽ R. C. Book, Tax Receipt, Insurance, Driving Licence എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ബാദ്ധ്യസ്ഥനാണ്.

13. 2000 Km-ന് അധികം വരുന്ന ദൂരത്തിന് ആവശ്യമായ തുകയും ക്വാട്ട് ചെയ്യേണ്ടതാണ്.

14. ദർഘാസ് അംഗീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം ദർഘാസ് പ്രതിമാസ തുകയുടെ 5% (മിനിമം ₹ 5,000) തുക സെക്യൂരിറ്റി ആയും നിശ്ചിത മാതൃകയിൽ എഗ്രിമെന്റും സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യാനോ മാറ്റി വയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
പാലക്കാട്.

ഗൗരീഷ്, പി. കെ.,
ഭക്ഷ്യ സുരക്ഷാ
അസിസ്റ്റന്റ് കമ്മീഷണർ.

---

## ഹോമിയോപ്പതി വകുപ്പ്

### തിരുവനന്തപുരം ഹോമിയോപ്പതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:—ഹോമിയോപ്പതി വകുപ്പ്—ജീവനക്കാര്യം—ടൈപ്പിസ്റ്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത്—സംബന്ധിച്ച്.

സൂചന:—(1) 22-9-2017-ലെ 5260/ഇഎ2/2015/ഡിഎച്ച് നമ്പർ ഉത്തരവ്.

(2) 18-6-2020-ലെ ഇതേ നമ്പർ കരട് സീനിയോറിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ DHTVM/857/2020-ഇഎ2 തീയതി 7-9-2020**

ഹോമിയോപ്പതി വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ 1-6-2015 മുതൽ 31-5-2017 വരെയുള്ളവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിന് തുടർച്ചയായിട്ടുള്ള 1-6-2017 മുതൽ 31-3-2020 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിൻമേലുള്ള ആക്ഷേപങ്ങൾ ടൈപ്പിസ്റ്റുമാരിൽ നിന്നും ലഭിച്ചത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കരട് ലിസ്റ്റിന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിക്കൊണ്ട് ചുവടെ ചേർത്തിരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന (2) ഉത്തരവ് പ്രകാരം വകുപ്പിലെ ടൈപ്പിസ്റ്റുമാരിൽ നിന്നും ലഭിച്ച ആക്ഷേപങ്ങൾ പരിഹരിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് അനുസരിച്ച് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഇതിനാൽ പ്രസിദ്ധപ്പെടുത്തി ഉത്തരവാകുന്നു.

ഹോമിയോപ്പതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

പ്രീന ഷംസുദ്ദീൻ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

**1-6-2019 മുതൽ 31-3-2020 വരെയുള്ള ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്**

| ക്രമ നമ്പർ | പേര് | ജനന തീയതി | മതം & ജാതി | വിദ്യാഭ്യാസ യോഗ്യത | | പി. എസ്. സി. അഡ്വൈസ് തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | പൊതുവായ | ടെക്നിക്കൽ | | | |
| 31 | നിഷ ജോസ് | 8-10-1985 | ക്രിസ്ത്യൻ | എസ്.എസ്.എൽ.സി. പ്ലസ്-2 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ/ഹയർ) മലയാളം (ലോവർ) വേർഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ് (ലോവർ/ഹയർ) | 31-5-2017 | 8-8-2017 | |
| 32 | സുജ, പി. | 29-6-1989 | ഹിന്ദു കമ്മാള | എസ്.എസ്.എൽ.സി. ബി. കോം. | വി. എച്ച്. എസ്. ഇ. ഓഫീസ് സെക്രട്ടറിഷിപ്പ് | 21-4-2018 | 9-7-2018 | |
| 33 | നിഷകല, സി. കെ. | 8-5-1982 | ഹിന്ദു തിയ്യ | എസ്.എസ്.എൽ.സി. | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) മലയാളം (ലോവർ) വേർഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ് (ലോവർ) | 3-7-2018 | 20-8-2018 | |
| 34 | വിനിൽകുമാർ, പി. | 25-5-1971 | ഹിന്ദു തിയ്യ | എസ്.എസ്.എൽ.സി. ബി. എ., ബി. എഡ്., എം. എ. സെറ്റ് | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) മലയാളം (ലോവർ) വേർഡ് പ്രോസസ്സിംഗ് മലയാളം (ലോവർ) ഇംഗ്ലീഷ് (ലോവർ) | 3-1-2019 | 5-4-2019 | |
| 35 | ഹാഷിം, എ. | 22-5-1983 | ഇസ്ലാം മുസ്ലീം | എസ്.എസ്.എൽ.സി. | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) മലയാളം (ലോവർ) വേർഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ് (ലോവർ) | 27-11-2019 | 5-2-2020 | ആരോഗ്യ വകുപ്പി ലേക്ക് വിടുതൽ ചെയ്തു |